# 26-ാം ദിവസം

## ആത്മീയചിന്ത ശകലങ്ങൾ

രക്ഷകൻ ലോകത്തിൽ വന്ന് പാപികളെയും ശപിക്കപ്പെട്ടവരെയും രക്ഷിച്ച് സ്വർഗ്ഗീയാനുഭവത്തിൽ എത്തിക്കുവാൻ കുരിശിന്റെ വഴിയിൽ സഞ്ചരിക്കുമ്പോൾ, വിശ്വാസത്തിന്റെ മൂല്യം വർദ്ധിപ്പിച്ച് രോഗികൾക്ക് സൗഖ്യവും ഭൂതബാധിതർക്കു വിടുതലും നൽകുമ്പോൾ തന്നെ അവരുടെ പാപങ്ങളും ശാപങ്ങളും പോക്കി ശുദ്ധീകരിക്കുന്നു. അദൃശ്യമായ രണ്ട് ആത്മീയകാര്യങ്ങളിൽ നാം വളരെയധികം ശ്രദ്ധിക്കേണം; പാപമോചനവും ശുദ്ധീകരണവും. യാമപ്രാർത്ഥനകൾ, ആരാധനകൾ, നോമ്പുകൾ, ദാനധർമ്മങ്ങൾ എന്നിവയിലൂടെ ആന്തരികവും ബാഹ്യവുമായ അശുദ്ധികൾ കഴുകകളയുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണം. ദൈവത്തെ സ്തുതിക്കുവാനും ആരാധിക്കുവാനും നാം ഒരിക്കലും മടി കാണിക്കരുതേ. കർത്താവിന്റെ നല്ല സാക്ഷികൾ ആകുവാൻ നാം നിരന്തരം ശ്രമിക്കേണം. സകലവും സൃഷ്ടിച്ചവനായ ദൈവത്തെ സകലത്തിനും മുമ്പേ സ്തുതിച്ചു ആരാധിക്കേണം. സ്തുതികളിലും സ്തോത്രങ്ങളിലും വാഴുന്ന ദൈവത്തെ ആരാധിക്കുവാൻ നാം ശുദ്ധിയുള്ളവരും യോഗ്യതയുള്ളവരും ആയിരിക്കണം. കനാന്യസ്ത്രീ കർത്താവിൽ വിശ്വസിക്കുന്നതിലും അത് ഏററുപറയുന്നതിലും ഒരു മടിയും കാണിച്ചില്ല. നമ്മുടെ ആരാധനകൾ കൃത്യതയോടെ തക്കസമയത്ത് സമർപ്പിക്കുവാൻ സാധിക്കേണം. അതാണ് ദൈവത്തിന് പ്രസാദകരമായ കാര്യം. അങ്ങനെ ദൈവത്തെ പ്രസാദിപ്പിച്ച് കൃപമേൽ കൃപ ലഭിക്കുവാൻ, ദൈവംതമ്പുരാൻ നമ്മെ എല്ലാവരെയും സഹായിച്ച് അനുഗ്രഹിക്കട്ടെയെന്നു ആശംസിക്കുന്നു.

പ്രാർത്ഥനയോടെ,
ബിജോയ് ശാമുവേൽ അബുദാബി

St. Luke 15:11-32; Deut. 5:6-22; Psalms 41:1-13; Proverbs 22:1-12; Daniel 4:24-37; Acts 5:35-41; 2 Cor. 1:13-22; St. Mathew 19:16-26

വലിയ നോമ്പ് 2017